MAHBIL/2015/63218 | MNE/353/2018-20 | MR/Tech/WPP-323/NE/2018

# Kalyan Lantern

SEPTEMBER 2020

Vol. 06 | Issue 05 | MUMBAI | 34 Pages | Price: ₹10/-



## GENEROSITY
## The Christian
## WAY OF LIFE

# ST. FRANCIS INSTITUTE OF TECHNOLOGY

(ENGINEERING COLLEGE)

**(Christian Minority Educational Institute)**

Approved by AICTE & Govt. of Maharashtra with Permanent Affiliation to University of Mumbai, ISO 9001:2015 Certified, Two UG Courses (EXTC & INFT) NBA Accredited till Jun 2022

**DTE Code : EN 3204**




## COURSES OFFERED

### Undergraduate Courses –

- B.E. (Computer Engineering) – 120 seats*
- B.E. (Electronics & Telecom Engg) – 120 seats*
- B.E. (Information Technology) – 120 seats*
- B.E. (Electrical Engineering) – 60 seats*
- B.E. (Mechanical Engineering) – 60 seats*

### Post graduate Courses –

- M.E. (Computer Engineering) – 18 seats*
- M.E. (Electronics & Telecom Engg) – 18 seats*

### Ph.D. (Technology) –

- Computer Engineering
- Electronics & Telecom Engineering

* 51% of the seats are reserved for Christian Minority candidates. Admission to these seats are done as per DTE norms. For more information, enquire using https://forms.gle/uqbb2hJhgnYk6t8T6

### State of the art Infrastructure

- Spread over 5 acres of lush green campus
- Smart classrooms & fully equipped laboratories
- Well resourced library
- High speed internet connectivity
- Uninterrupted power supply
- Limited hostel accommodation

### Pedagogy

- Highly qualified and experienced faculty
- Use of modern tools for teaching
- Innovative learning methodologies
- Continuous assessment
- Experiential learning
- Student Mentorship Program & Counselling Cell

### Future Ready Approach

- Placement and Training Cell
- Research Center
- Skill Development Programs
- Entrepreneurship Cell
- Industry Institute Interaction Cell
- IIT Remote Centre

### Life @SFIT

- Professional Bodies' Student Chapters
- Department Student Associations
- Cultural and Technical Fest, Sports Meet
- International Internships
- National Service Scheme (NSS)
- Alumni Association

**ST. FRANCIS INSTITUTE OF TECHNOLOGY**
Mount Poinsur, S.V.P. Road, Borivli (West), Mumbai 400 103.
Tel: 022-28928585; 9136951119
Email: sfedu@sfit.ac.in; admissions@sfit.ac.in
Website: www.sfit.ac.in
SFIT_Engg_Official SFIT Engineering

KALYAN LANTERN
DIOCESE OF KALYAN

YOUR WORD IS A LAMP TO
MY FEET & A LIGHT TO MY PATH

SEPTEMBER 2020
Vol. 06 | Issue 05

**PATRON**
Bishop Mar Thomas Elavanal

**CHAIRMAN**
Msgr. Emmanuel Kadankavil

**CHIEF EDITOR**
Fr. Biju Mannamcheril

**ASSOCIATE EDITOR**
Fr. Shaiju Augustine Kattayath

**EDITORIAL BOARD**
Dr. C.P. Johnson
Mr. George Chirayath
Mr. A.F. Thomas
Mr. Jimmy Antony
Mr. Antony Cyriac
Ms. Jerin Jacob
Mrs. Elizabeth Dimal

**MARKETING MANAGERS**
Fr. Sebastian Mudakkalil
Mr. Roy Philip

**CIRCULATION MANAGER**
Fr. Royas Kalaparambil

**CONSULTORS**
Dr. Rosily Thomas
Mr. Roy Kottaram
Mr. Babu Mathew
Mr. Joseph John

**OFFICE SECRETARY**
Mr. Joseph Chiramal

**DESIGN & LAYOUT**
Mr. Josemon Vazhayil

Diocese of Kalyan, Plot No. B/38,
P.B. No. 8434, IIT P.O., Powai,
Mumbai, Maharashtra, India 400076.
Tel. (+91) (022) 2578 5515, 2578 2385
E-mail: kalyanlantern@gmail.com
Website: www.kalyandiocese.com
Matrimonial: www.godsownchoice.com

MAHBIL/2015/63218 | MNE/353/2018-20

# ജീവിതം സംസാരിക്കട്ടെ...

നന്മയും, കരുണയും, ഉദാരതയും, സ്നേഹവുമെല്ലാം ധന്യമായ ജീവിതത്തിന്റെ മൂല്യങ്ങളാണ്. എട്ടിലും, പാട്ടിലും മാത്രം സ്ഥിതിചെയ്യുന്ന ഈ പുണ്യങ്ങൾ മൂർത്തീഭവിക്കാതിരുന്നാൽ അവ വെറും ശബ്ദമായി- വചനമായി- മാത്രം അവശേഷിക്കുന്നു. ഈ വചനത്തിനു ജീവൻ കൊടുക്കേണ്ടത് നമ്മുടെ ജീവിതം വഴിയാണ്. വചനം മനുഷ്യനായി തീരുന്ന ജീവിതമാണ് ലോകത്തിനു ഇന്നാവശ്യം. ഇന്ന് ശബ്ദമല്ല ഉടയവനെയാണ് ലോകത്തിനു വേണ്ടത്.

ഗാന്ധിജി ഒരിക്കൽ പറഞ്ഞു - നമ്മുടെ വാക്കുകളേക്കാൾ നമ്മുടെ ജീവിതം നമ്മെപ്പറ്റി സംസാരിക്കട്ടെ.

ജീവിതം മുഴുവനായും കാൽവരിയിൽ ത്യജിച്ചുകൊണ്ട് ലോകത്തെ നേടിയവനാണ് നമ്മുടെ ഗുരുവും കർത്താവുമായ യേശുക്രിസ്തു. ഇന്നും ആ ദൈവം കുരിശു വഹിക്കുന്നു, ദിവസം തോറും മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു. രണ്ടായിരം കൊല്ലം മുമ്പ് മരിച്ച ചരിത്രപരനായ ഒരു ദൈവത്തെയല്ല ലോകത്തിനാശ്രയിക്കാനുള്ളത്, ഇന്ന് നമ്മളിൽ കൂടി ജീവിക്കുന്ന ദൈവത്തെ ലോകത്തിനു കാണിച്ചു കൊടുക്കുക.

ലോകത്തിലേക്കു വന്ന വചനത്തിനു ജീവൻ കൊടുത്ത പരിശുദ്ധ കന്യകാമറിയം സാക്ഷ്യപേടകമായി നിലകൊള്ളുന്നു. ഉദാരതയെന്ന പുണ്യം ജീവിതത്തിലുടനീളം പകർത്തിയ അമ്മ നമ്മുടെ അമ്മയായി മാറുന്നു. കാലിതൊഴുത്തു മുതൽ കാൽവരി വരെ മകനോടൊത്തു യാത്ര ചെയ്ത അമ്മയെ നമ്മുക്കും അനുധാവനം ചെയ്യാം.

നമ്മുടെ വാക്കുകളേക്കാൾ നമ്മുടെ ജീവിതം നമ്മെപ്പറ്റി സംസാരിക്കട്ടെ.





# Nurturing Generosity as a Way of Life

**Joseph Anto**
belongs to Mary Matha Church, Sakinaka.

As per the Qessa-ye-Sanjan, which is a sixteenth century poem about the Sanjan kingdom, a group of Zoroastrian priests from Iran landed in Sanjan, or the present day Valsad district in Gujarat, to escape persecution by the Persians. The Sanjan kingdom was ruled by a Rajput king known as the Jaldi Rana. When the chief priest sought permission from the king to settle down in his kingdom, the king sent a cupful of milk indicating how overcrowded his kingdom already was. In response, the chief priest added sugar to the brimming cup, indicating that his



tribe was here to add sweetness to the kingdom. Inspired by this allusion, King Rana allowed the Zoroastrians to settle in his kingdom. One of those Zoroastrians went on to found a huge business empire, which is the current day TATA group. The sugar which was added to the overflowing cup of milk is still visible today in their acts of generosity.

Such is the case of generosity, an art of living which adds sweetness in our stressful lives. Generosity is widely considered as an act of unselfishness and a liberal way of serving others with utmost dignity. Generosity is universally seen as the core value of the multiple religions which exist today.

## Biblical Teachings on Generosity and the Practices of Early Christians

The Bible puts a lot of emphasis on generosity. The gospels and epistles contain many references to it. According to James 1:17, God is the root of all generosity. "Every good gift and every perfect gift is from above and cometh down from the Father of lights." This verse implies that generosity begins by considering and reflecting upon the numerous gifts we have received from God.



1 John 3:17 expresses the concept of generosity in practical terms. "If anyone has material possessions and sees his brother in need but has no pity upon him, how can the love of God be in him?" By this verse, the message conveyed to us is that it is our prime responsibility to utilize the blessings given to us by God in a meaningful manner.

The early Christians practised generosity by sharing meals in homes with a generous heart and also strived to lighten the financial hurdles of the needy among them (Acts 2:45-46). The early Christians sold their private possessions and threw the proceeds into the common pool. Most of them gave their belongings joyfully and generously irrespective of their situation. They were determined to help meet the needs of others. Above all, they gave themselves to the Lord.

## The Traits of a Generous Person

The most common traits of a generous person are:

- Seeing things from the other's point of view
- Expressing genuine interest in others
- Respecting the dignity of others

The discipline of seeing things from the other's point of view and identifying their needs strengthens personal relationships. Thus it has been rightly said by a wise man that, "If you can help solve others' problems, the world is your oyster." Brains, talent and energy are considered as vital for executing a task. However, to win it, there is a secret rule that walks hand in hand along with the aforesaid skills. The secret is "Do unto others as you would have them do unto you." Hence if we synthesise the multiple aspects, it can be swiftly concluded that generosity plays a vital role in the current environment of cut-throat competition in various fields.

## What Does Science Say About Generosity?

Neuropsychological studies have revealed that human nature is very intricate but generally selfish. However, deep roots of generosity are still embedded in human beings. Research and meta-analysis have proved that generosity aids impart a greater meaning towards life, enhances vitality and promotes self-esteem. Also, a direct link has been observed between happiness and generosity. Acts of kindness have been found to reduce stress and anxiety. The part of the brain which is known as the amygdala is widely responsible for eliciting emotional responses. When experiencing stress, anxiety, worry or phobia, it enlarges in size. On the contrary, an individual who has just performed an act of generosity displays an amygdala which is far smaller in size.

## Implementing Generosity in Our Lives

Although generosity imparts multiple benefits to us, our selfish human nature makes its practice a humongous one. Some of the measures which can be employed to make it a way of life are:

1. Beginning your day with gratitude:

Start your day by showing gratitude towards God.

2. Study the life of philanthropists:

Identify generous personalities and search for specific traits in them. These would enlighten you about daily practices to be implemented.

3. It is not always about money:

A common misconception associated with generosity is that it's always about finance. Small acts of kindness such as spending time with the needy, showing concern for others, gifting a simple smile to uplift others mood, etc., also qualify as acts of generosity.

4. Start small, build a base and capitalize on it later:

It's always an uphill task to consciously develop a new habit. However small resolute steps taken daily can compound and yield huge dividends.

5. Enrol an 'accountability partner':

Walking alone would not take you far, but having a partner who has the same vision would help take you to your destination. Having a partner in such an act would be a boon in the long run. One will complement the other.

6. Spend time with other generous persons:

Generosity is highly contagious, hence spending time with people who already practise it can assist in developing the necessary traits.

7. Limit the materialistic possessions:

The materialistic lifestyle of the world we live in pushes us in the direction of stress, worry and anxiety. A minimalistic approach would be suitable for limiting the materialistic tendencies and finding solace in the things that are truly required for life.

The COVID-19 pandemic has forced a paradigm shift around us. The permanent scars left behind due to the pandemic will stay for a longer duration of time. However, it has made us realize what truly matters in life. All of a sudden, the materialistic world seems meaningless and it is inner peace which is of utmost importance. Just like Dr Viktor Frankl once said, “Attitude matters the most.” Developing an attitude of sharing would function as a boon in such a scenario. Just like the sugar which added sweetness to the brimming cup, the attitude of generosity can sweeten multiple areas of our lives and promote inner peace.

# Tithing:
## The Joy of Genuine Giving



**Sumesh Pallikunnathu**
belongs to St. Joseph's Church, Airoli

The word "tithe" literally means “a tenth”. Tithing isn't merely giving something to God. It's giving back what was God's, to begin with. All that we have, or hope to have, comes from God. The Bible says that tithing is a reminder that God is the supplier of everything. It teaches us to always put God first in our lives. Our ability to acquire wealth is a gift given to us by God, and we need to be mindful of how we use these resources to fulfil God's work, to further God's kingdom and take care of others.

Many Christians struggle with the issue of tithing and refuse to submit to the biblical exhortations about making offerings to the Lord. Tithing/giving is intended to be a joy and a blessing. The tithe was a requirement of the Law by which the Israelites were to give 10 percent of the crops they grew and the livestock they raised to the temple. (Deuteronomy 12:5-6)

Every Christian should diligently seek God's wisdom in the matter of tithing and/or how much to give (James 1:5). Above all, all tithes and offerings should be given with pure motives and an attitude of worship to God and service to the body of Christ. “Each man should give what

he has decided in his heart to give, not reluctantly or under compulsion, for God loves a cheerful giver" (2 Corinthians 9:7).

Tithing and generosity were instilled in me by my ammamma (my paternal grandmother). Memories of my childhood vacations spent with my grandparents at my ancestral home in Thrissur are still fresh. Our home, being just opposite the church, early every morning my Ammamma used to give milk (freshly milked from the cow at home) and freshly laid eggs (from the chicken coop at home) to the church presbytery. Every weekend, she used to give live chicken and fresh vegetables to the church. Out of a child's curiosity, I asked ammamma why we needed to do this. She responded that whatever we have is the Lord's blessing and we need to return a small portion to him as an expression of gratitude. Let's always be courteous like the sole leper (Luke 17: 11-19) who came back to thank him.




I experienced during my 9 years of stay in the UAE, the generous parishioners diligently coming to the church office month-on-month and offering their tithes to build up the Lord's kingdom. Since many years, my family and I have been tithing to our parish/charities/ evangelization ministries. Whatever pocket money or cash gifts my daughters receive, they keep 10% aside to sow in the Lord's vineyard. My elder daughter didn't buy her birthday dress this year and donated that to buy a liturgical item for the parish. Both my daughters, during the lockdown, donated their pocket money towards the Karunya Trust's campaign of 'Give Pads, Gift Hygiene'. A few of my friends maintain separate bank accounts only for tithing purposes.

We too have our share of challenges but we just cling on to Jesus, the provider and recite Philippians 4:19: "And your God will supply every need of yours according to his riches in glory in Christ Jesus". We know well that we are blessed so that we in turn can be a blessing to others. I do agree that we all have financial commitments like EMIs, household expenses, kids' education expenses, insurance premiums, medical expenses etc., to be met, but trust me, just start tithing and experience the unadulterated joy of giving. Luke 6:38 assures: "Give, and it shall be given unto you; good measure, pressed down, and shaken together, and running over."

During tough times, my tithes have even gone down to the level of the Widow's Mite (Mark 12:41-44), but I'm sure that God, who sees the heart, is nonetheless pleased with my offerings and sacrifices. Mother Teresa once said: "We may feel that what we are doing is just a drop in the ocean, but the ocean would be less because of that missing drop." It is said that "Our memories of the ocean will linger on, long after our footprints in the sand are gone" (author unknown).

Claim, recite, meditate and hold on to Malachi 3:10: "Bring the full tithe into the storehouse, so that there may be food in my house, and thus put me to the test, says the Lord of hosts; see if I will not open the windows of heaven for you and pour down for you an overflowing blessing."



# Catholic Perspectives on Generosity

**Adv Marykunju Menachery**
belongs to St. Alphonsa Forane Shrine, Kalewadi, Pune

Until now, we have been exposed to all the major facets of Christian life such as faith and rituals. But we are now forced to review everything under the weight of Covid-19 and its negative impact on all aspects of human life – religious, cultural, social, educational, scientific etc. The oft-repeated word today is 'online' because of the new situation which has imposed on everyone a much unwanted and unusual experience of isolation and social distancing. We are compelled to conduct our routine activities in a 'contactless' manner. The priest celebrates Holy Mass without the congregation, the teacher teaches without the class, even doctors consult without seeing the patient, sellers transact without meeting the customers, etc. Even the practice of generosity has taken hitherto unknown routes. Counselling the needy, attending to the sick, burying the dead, reaching the essentials to the homes of the isolated – everything is done 'online'.

## Jesus's Attitude Towards the Needy

Let us revisit the Gospels, the Old Testament and the history of the early Church regarding one of the fundamental aspects of Christianity, namely catering to our needy neighbour. In St. Luke's gospel, we find a lawyer asking Jesus, 'Teacher, what must I do to inherit eternal life?' Jesus replied, 'Love the Lord your God', to which he also added, 'and your neighbour as yourself' (Lk 10/27). Jesus condensed the Ten Commandments into just two, both of equal value. Further, he explained who one's neighbour is: he is not just the one who stays close to our house, but the one who is in need

wherever he may be. The parable of the Good Samaritan was a clear explanation of this standpoint of Jesus. About His own ministry, He said, '....the Son of Man came not to be served but to serve and give His life for many' (Mt. 20/28). He did this symbolically by washing the feet of the disciples (Jn 13/5) and concretely by dying on the cross for the expiation of the sins of the world.

## Generosity in the History of the Church

Throughout the history of the Church, we find an uninterrupted flow of Christian charity towards the needy. Whenever people were under the grip of the plague, the Church was there to assist them. Many Capuchin Friars have died in the past as a result of serving the plague victims. Widows and orphans were given care and support. The aged, the marginalised, the handicapped and all those mentally and physically challenged have been the beneficiaries of Christian love and mercy.



### St. Vincent De Paul:

Among those who have become luminaries in the world of Christian benevolence and mercy, St. Vincent De Paul (1581-1660) stands out as one without parallel. At a time when the whole world was busy with selfish pursuits, Vincent, a young French priest, ventured into the field of charity in which he remained till his death. His concern for others was as wide as the sky. Today every parish has a St Vincent De Paul Society through which many poor people are getting help for their various needs.



### Mother Teresa:

Another example of Christian concern for the abandoned is St. Teresa of Kolkata, who was simply known as 'Mother' around the world. She started with abandoned men and women found on the streets of Kolkata and babies unwanted by their mothers. From this 'City of Joy', she spread her wings to the entire world. Caste, religion, language, nationality and race were of no concern to her. She embraced everyone, whoever and wherever they may be, who required her intervention. It was she more than anyone in the world who raised the social consciousness of the average person concerning the pathetic situation of thousands everywhere.

## Pope Francis, a Man with an Open Heart

Pope Francis who became the Head of the Catholic Church in the year 2013 is the embodiment of concern for the needy in the world, This has endeared him to the leaders



and people of all nations. He comes from a country infested with poverty, terrorism, military oppression and drug trafficking. Even as a Bishop, he had worked in the slums of his Diocese and knew first hand what poverty means. Ever since he became Pope, he has insisted on simplicity in life and focussed on ameliorating the pathetic situation of the poor and refugees all over the world. In the last week of July 2013, he visited Brazil, where he exhorted the bishops and priests not to be holed up in their premises, but instead go out into the slums where people are waiting for the Word of









God. He told the people if only we could show a little more warmth, we could reduce the cold and build a more just society. Pope Francis even declared a Year of Mercy from 8th December 2015 to 20th November 2016 so that the Christian community may open their hearts to the harsh realities of their fellowmen. The indifference of the rich to the cries of the poor needs to end. The wounds of the voiceless are innumerable and he called us during that Jubilee Year to heal those wounds with diligence and care.

## Covid-19 and the Church's Response

As in past crises, so also today when the whole world is reeling under the Covid-19 pandemic, the Church is pooling all her resources to meet the unprecedented situation which shows no sign of abating. The Church in India surrendered to the Government all her major institutions and hospitals to cater to those in quarantine and to treat all those infected by the virus. In many places, the concerned managements met all the expenses to prepare these institutions to receive patients, besides contributing substantially to the Government coffers for making elaborate arrangements for treating the infected persons as well as preventing the spread of the disease. Pope Francis appeared on Italian television on the day prior to Palm Sunday in April 2020 and appealed to the Christian community to care for the sick and console the isolated. He said that 'even if we are isolated we should help others with broad love'. He said that he is with everyone in this pathetic situation. Thus the entire Christian community is at the service of those affected by this deadly disease with all her human and institutional resources and keeps praying incessantly for the amelioration of the situation. The generosity of the Christians knows no bounds and keeps flowing in every direction.



# പരിശുദ്ധ അമ്മയും ഉദാരതയെന്ന പുണ്യവും

**Davis Edathiruthikaran**
belongs to St. Thomas Catholic Church,
Mira Road East

പരിശുദ്ധ അമ്മയുടെ ഉദാരത എന്ന പുണ്യത്തെപറ്റി ഉപന്യാസം എഴുതുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. പരിശുദ്ധ അമ്മയെ പറ്റി വിശുദ്ധ ഗ്രന്ഥത്തിൽ 6 പ്രാവശ്യം എടുത്ത് കാണിച്ചിട്ടുണ്ട്. ഈ വിശുദ്ധ ഗ്രന്ഥത്തിലെ 6 കാര്യങ്ങളെ ആസ്പദമാക്കിയിട്ടാണ് ഞാൻ ഈ ഉപന്യാസം എഴുതുന്നത്.

പരിശുദ്ധ അമ്മയെ ആദ്യമായി വിശുദ്ധ ഗ്രന്ഥത്തിൽ നാം കാണുന്നത് ഗബ്രിയേൽ മാലാഖ പരിശുദ്ധ അമ്മയ്ക്ക് പ്രത്യക്ഷപ്പെട്ട സമയത്താണ്. ‘‘ദൈവദൂതൻ അവളുടെ അടുത്ത് വന്ന് പറഞ്ഞു, ‘‘ദൈവകൃപ നിറഞ്ഞവളെ സ്വസ്തി! കർത്താവ് നിന്നോടുകൂടെ!’’ ഈ വചനം കേട്ടു അവൾ അസ്വസ്ഥയായി എന്താണ് ഈ അഭിവാദനത്തിന്റെ അർത്ഥം എന്ന് അവൾ ചിന്തിച്ചു. ദൂതൻ അവളോട് പറഞ്ഞു, ‘‘മറിയമേ, നീ ഭയപ്പെടേണ്ട. ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും; അവന്റെ പിതാവായ ദാവിദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവന് കൊടുക്കും. യാക്കോബിന്റെ ഭവനത്തിന്റെ മേൽ അവൻ എന്നേക്കും ഭരണം നടത്തും അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാക്കുകയില്ല’’. (ലൂക്കാ. 1:28-35) മറിയം ദൂതനോട് പറഞ്ഞു, ഇതെങ്ങനെ സംഭവിക്കും, ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ! (ലൂക്കാ. 1:34-35). ദൂതൻ മറുപടി പറഞ്ഞു. ‘‘പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിക്കുവാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്ന് വിളിക്കപ്പെടും. ഇതാ നിന്റെ ചാർച്ചക്കാരി വൃദ്ധയായ എലിസബത്ത് ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്ന് പറഞ്ഞിരുന്ന അവൾക്ക് ഇത് 6-ാം മാസമാണ്. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല’’. (ലൂക്കാ. 1:35-36) മറിയം

**അനുസരണയുള്ള മകൻ അമ്മയുടെ ആഗ്രഹം സാധിച്ച് കൊടുത്തു. അമ്മക്ക് മറ്റുള്ള വരുടെ ദു:ഖവും അപമാനവും സഹിക്കുവാൻ സാധിക്കുന്നില്ല. അതിനാൽ ഉടൻ മകനോട് പറയുന്നു. മകൻ അമ്മയുടെ ആഗ്രഹം സാധിച്ചുകൊടുക്കുന്നു.**



പറഞ്ഞു. ''ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ'' (ലൂക്കാ. 1:37). അപ്പോൾ ദൂതൻ അവളുടെ മുമ്പിൽ നിന്ന് മറഞ്ഞു. ഉടൻ തന്നെ മറിയം 150 കി. മീ. അകലെയുള്ള എൻകരിയൽ എന്ന ഗ്രാമത്തിലേക്ക് പുറപ്പെട്ടു. ദൂതൻ അറിയിച്ച സന്ദേശത്തിൽ ഉടനെ മറിയം ഉത്തരം കൊടുത്തു. ''ഇതാ ദൈവത്തിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ''. ഇതു പരിശുദ്ധ അമ്മയുടെ അനുസരണത്തിന്റെയും ദൈവഭക്തിയുടേയും ഉദാഹരണമാണ് ദൈവഹിതത്തിന് പൂർണ്ണമായി സമർപ്പിച്ച ഉദാരത.

150 കീ. മി. കാൽനടയായി നടന്നാണ് അമ്മ സഖറിയായുടെ എലിസബത്തിന്റെ വീട്ടിൽ എത്തുന്നത് ശരിക്കും പറയുകയാണെങ്കിൽ എലിസബത്തിന്റെ മകളുടെ പ്രായമേ പരിശുദ്ധ അമ്മയ്ക്ക് ഉണ്ടായിരുന്നുള്ളൂ. മറിയം അവരുടെ വീട്ടിലെത്തി എലിസബത്തിനെ അഭിവാദനം ചെയ്തു. മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി. അവൾ ഉദ്ഘോഷിച്ചു. ''നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്. നിന്റെ ഉദരഫലവും അനുഗ്രഹീതം. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്ത് വരുവാനുള്ള ഭാഗ്യം എനിക്ക് എവിടെ നിന്ന്, ഇതാ നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ കുതിച്ചു ചാടി. കർത്താവ് അരുളി ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവർ ഭാഗ്യവതി. (ലൂക്കാ. 1:42-45) പരിശുദ്ധ മറിയം അവിടെ മൂന്ന് മാസം താമസിച്ചു. എലിസബത്തിനെ ശുശ്രൂഷിച്ചു. അമ്മക്ക് ശുശ്രൂഷ, സേവനം ചെയ്യുവാൻ വളരെ ഇഷ്ടമായിരുന്നു. അമ്മ വളരെ നിഷ്കളങ്കയായിരുന്നു. എല്ലാവരേയും സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും ഇഷ്ടമായിരുന്നു.

ജോസഫ് ദാവീദിന്റെ കുടുംബത്തിലും വംശത്തിലും പെട്ടവനായിരുന്നതിനാൽ പേരെഴുതിക്കാനായി കാനായിലെ ഗലീലിയിലെ പട്ടണമായ നസ്രത്തിൽ നിന്ന് യൂദായിൽ ദാവീദിന്റെ പട്ടണമായ ബത്‌ലഹേമിലേക്ക് ഗർഭിണിയായ ഭാര്യ മറിയത്തോടുകൂടെ പോയി. അവിടെയായിരിക്കുമ്പോൾ അവൾക്ക് പ്രസവസമയമടുത്തു. അവൾ തന്റെ കടിഞ്ഞൂൺ പുത്രനെ പ്രസവിച്ചു. അവനെ പിള്ളകച്ചകൊണ്ട് പൊതിഞ്ഞ്പുൽത്തൊട്ടിയിൽ കിടത്തി. കാരണം, സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല. (ലൂക്കാ. 2:4-7) എത്ര താഴ്മയുടെ ചിത്രമാണ് ലോകരക്ഷകനായ ദൈവപുത്രന് ജന്മം നൽകുവാൻ കിട്ടിയ സ്ഥലം ഒരു പുൽകൂട്. ഒരു അസ്വസ്ഥതയുമില്ല. ഒരെതിർപ്പുകളുമില്ല. സന്തോഷത്തോടെ ജന്മം നൽകി. ആദ്യമായി അവരെ സ്തുതിക്കുവാനായി വന്നത് ആട്ടിടയന്മാരായിരുന്നു. ദൈവം ആദ്യമായി അറിയിച്ചതും ആട്ടിടയന്മാരെയായിരുന്നു. പരിഛേദനത്തിനായി എട്ടാം ദിവസം ജറുസലേം ദേവാലയത്തിൽ പോയപ്പോൾ അവിടെ ശിമയോനും അന്ന എന്നൊരു പ്രവാചികയും ഉണ്ടായിരുന്നു. അവർ യേശുവിനെയും അവന്റെ മാതാപിതാക്കളെയും അനുഗ്രഹിച്ചുകൊണ്ട് അവന്റെ അമ്മയായ മറിയത്തിനോട് പറഞ്ഞു. ഇവൻ ഇസ്രായേലിൽ പലരുടെ വീഴ്ചക്കും ഉയർച്ചക്കും കാരണമാകും. ഇവൻ വിവാദ വിഷയമായ അടയാളമായിരിക്കും. അങ്ങനെ അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിന്റെ ഒരു വാൾ തുളച്ചു

കയറുകയും ചെയ്യും എന്ന് ശിമയോൻ പ്രവചിച്ചു. ലൂക്കാ. 2:24-35 മറിയം എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു.

യേശുവിന് പന്ത്രണ്ടു വയസ്സായപ്പോൾ പതിവനുസരിച്ച് അവർ തിരുനാളിന് പോയി. തിരുന്നാൾ കഴിഞ്ഞ് അവർ മടങ്ങി പോന്നു. എന്നാൽ ബാലനായ യേശു ജറുസലേമിൽ തങ്ങി. മാതാപിതാക്കൾ ഇതറിഞ്ഞില്ല. അവൻ യാത്രസംഘത്തിന്റെ കൂടെ കാണുമെന്ന് വിചാരിച്ചു. അവർ ഒരു ദിവസത്തെ വഴി പിന്നിട്ടു. ബന്ധുക്കളുടെയും പരിചയക്കാരുടെയും ഇടയിൽ അന്വേഷിച്ചിട്ടും കാണായ്കയാൽ യേശുവിനെ തിരക്കി അവർ ജറുസലേമിലേക്ക് തിരിച്ചുപോയി. മൂന്നു ദിവസങ്ങൾക്ക് ശേഷം അവർ അവനെ ദേവാലയത്തിൽ കണ്ടെത്തി. അവൻ ഉപാധ്യയന്മാരുടെ ഇടയിലിരുന്ന് അവർ പറയുന്നത് കേൾക്കുകയും അവരോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു. കേട്ടവരെല്ലാം അവന്റെ ബുദ്ധിശക്തിയിലും മറുപടിയിലും അത്ഭുതപ്പെട്ടു. അവനെ കണ്ടപ്പോൾ മാതാപിതാക്കൾ വിസ്മയിച്ചു. അവന്റെ അമ്മ അവനോട് പറഞ്ഞു. മകനേ നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത് നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു. അവൻ അവരോട് ചോദിച്ചു. നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്. ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ? അവൻ തങ്ങളോടു പറഞ്ഞത് എന്താണെന്ന് അവർ ഗ്രഹിച്ചില്ല. (ലൂക്കാ. 2:41-50). മകനെപറ്റി ഒരു മാതാവിന്റെ ഉത്കണ്ഠത ഇവിടെ നമുക്ക് കാണാം. പരിശുദ്ധ അമ്മയ്ക്ക് മകനെ കാണാതായപ്പോൾ ഉണ്ടായ ഉത്കണ്ഠത ഇവിടെ കൃത്യമായി കാണിച്ചിട്ടുണ്ട്.

കാനായിലെ വിവാഹവിരുന്നിൽ യേശുവും ശിഷ്യന്മാരും അമ്മയേയും ക്ഷണിച്ചിരുന്നു. കല്യാണവിരുന്നിൽ വീഞ്ഞു തീർന്നുപോയി. കല്യാണവിരുന്നിൽ വീഞ്ഞുതീർന്നു പോകുക എന്നുവെച്ചാൽ ആ കുടുംബത്തിന് വളരെ അപമാനകരമാണ് എന്നുള്ള ആചാരമനുസരിച്ച് വീഞ്ഞ് തീരുവാൻ പാടില്ല. അപ്പോൾ യേശുവിന്റെ അമ്മ അവനോട് പറഞ്ഞു, “അവർക്ക് വീഞ്ഞില്ല”. യേശു അവളോട് പറഞ്ഞു, സ്ത്രീയേ എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല. അവന്റെ അമ്മ പരിചാരകരോട് പറഞ്ഞു, അവൻ നിങ്ങളോട് പറയുന്നതു ചെയ്യുവിൻ. യഹൂദരുടെ ശുദ്ധീകരണകർമ്മത്തിനുള്ള വെള്ളം നിറക്കുന്ന കൽഭരണികൾ അവിടെ ഉണ്ടായിരുന്നു ഓരോന്നിലും രണ്ടോ മൂന്നോ അളവ് കൊള്ളുമായിരുന്നു. ഭരണികളിൽ വെള്ളം നിറക്കുവിൻ എന്ന് യേശു അവരോട് കല്പിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു. ഇനി പകർന്നു കലവറക്കാരന്റെ അടുത്ത് കൊണ്ടു ചെല്ലുവിൻ എന്ന് അവൻ പറഞ്ഞു. (യോഹന്നാൻ 2:2-9) ആ വെള്ളം വീഞ്ഞായി മാറി. യേശു പ്രവർത്തിച്ച ആദ്യത്തെ അത്ഭുതമാണിത്. അനുസരണയുള്ള മകൻ അമ്മയുടെ ആഗ്രഹം സാധിച്ച് കൊടുത്തു. അമ്മക്ക് മറ്റുള്ളവരുടെ ദു:ഖവും അപമാനവും സഹിക്കുവാൻ സാധിക്കുന്നില്ല. അതിനാൽ ഉടൻ മകനോട് പറയുന്നു. മകൻ അമ്മയുടെ ആഗ്രഹം സാധിച്ചുകൊടുക്കുന്നു.

യേശുവിന്റെ കുരിശിന്റെ അരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും കയാപ്പോസിന്റെ ഭാര്യ മറിയവും മഗ്ദലനമറിയവും നില്ക്കുന്നുണ്ടായിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും അടുത്ത് നില്ക്കുന്നത് കണ്ടു. അമ്മയോട് പറഞ്ഞു, സ്ത്രീയേ ഇതാ നിന്റെ മകൻ. അനന്തരം അവൻ ആ ശിഷ്യനോട് പറഞ്ഞു, ഇതാ നിന്റെ അമ്മ, അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു. (യോഹ. 19:25-27).

യേശു തന്റെ ശിഷ്യനു മാത്രമല്ല ഈ ലോകത്തിന് മുഴുവൻ തന്റെ അമ്മയെ അമ്മയായി നല്കി. അതുപോലെ ശിഷ്യൻ അമ്മയായി സ്വീകരിച്ചതുപോലെ നമുക്ക് അമ്മയായി പരിശുദ്ധ അമ്മയെ സ്വീകരിക്കാം. അമ്മക്ക് നമ്മെ കുരിശിൽ കിടന്ന മകനായി മക്കളായി നൽകി. ഒരു പ്രത്യേക സ്നേഹം കാണിച്ചു. നമുക്ക് നമ്മുടെ അമ്മയുടെ ആയുധമായ ജപമാല കയ്യിലേന്തി അമ്മയോടൊത്തു പ്രാർത്ഥിക്കാം. ജപമാലയുടെ ശക്തി വളരെയേറെയാണ്. ജപമാല കയിലേന്തി ജപമാല ചൊല്ലുമ്പോൾ പരിശുദ്ധ അമ്മ നമുക്ക്വേണ്ടി തന്റെ തിരുകുമാരനോട് പ്രാർത്ഥിക്കും. യേശു നമ്മുടെ ആവശ്യം എന്തായാലും നേടി തരും. ഇതിൽ ഒരു ആശ്ചര്യവുമില്ല. ആ അമ്മ നമ്മെ കാത്തു രക്ഷിക്കുമെന്നുള്ള ഒരു അത്ഭുതത്തെ പറ്റി എഴുതികൊണ്ട് ഞാനെന്റെ ഉപന്യാസം നിറുത്തട്ടെ. സുനാമി വന്നിരുന്ന സമയത്ത് വെളാങ്കണ്ണിപള്ളിയിൽ മലയാളം കുർബ്ബാന നടക്കുകയായിരരുന്നു. പള്ളിയുടെ ഉള്ളിലേക്ക് ഒരു തുള്ളി വെള്ളം വന്നില്ല. ആരും മരിച്ചില്ല. പള്ളിയുടെ പുറത്ത് ഉണ്ടായിരുന്നവർക്ക് എന്ത് പറ്റിയെന്ന് പറയുവാൻ സാധിച്ചില്ല. ആരെയും കാണുവാനുണ്ടായിരുന്നില്ല. ഇന്നുവരെ കണ്ടു കിട്ടിയിട്ടുമില്ല. അതിനാൽ അമ്മ എപ്പോഴും നമ്മെ കാത്തു രക്ഷിക്കും. നമുക്ക് നമ്മുടെ ആയുധമേന്തി ജപമാല ചൊല്ലാം. ദൈവത്തിന് സ്തുതി. പരിശുദ്ധ അമ്മേ ഞങ്ങൾക്കുവേണ്ടി അങ്ങേ തിരുകുമാരനോട് പ്രാർത്ഥിക്കണമേ.



# ഉദാരത
## ക്രിസ്തീയ കാഴ്ചപ്പാടിലൂടെ

**Jessymol Saji**
belongs to Carmel Parish,
Wadgaonsheri, Pune

"ലൗകീക സമ്പത്ത് ഉണ്ടായിരിക്കെ ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടി ട്ടും അവനെതിരെ ഹൃദയം അടക്കുന്നെങ്കിൽ അവ നിൽ ദൈവസ്നേഹം എങ്ങിനെ കുടികൊള്ളും, കുഞ്ഞുമക്കളെ വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്, പ്രവർത്തിയിലും സത്യത്തിലുമാണ്." (1യോഹന്നാൻ 3:17-18)

ദൈവവചനമാണ് തിരുസഭയുടെ അസ്ഥിത്വത്തിന്റെ ആധാരം. പത്രോസ് എന്ന പാറമേൽ സഭയെ സ്ഥാപിച്ച ക്രിസ്തു, സഭാമക്കൾ പിന്തുടരേണ്ടതും അനുഷ്ഠിക്കേണ്ടതുമായ മൂല്യങ്ങളും കല്പനകളും തിരുവചനത്തിൽക്കൂടി ആണ് നൽകുന്നത്. ക്രിസ്തീയ കാഴ്ചപ്പാട് കിസ്തുവിന്റെ കാഴ്ചപ്പാടാണ്. തിരുവചനം ഉദാരതയെ പല വിധത്തിൽ പല അർത്ഥത്തിൽ ചൂണ്ടിക്കാട്ടുന്നു. ഉദാരത സ്നേഹത്തിന്റെ ഭാഷയാണ്, അത് കൊടുക്കലാണ്, പങ്കുവെയ്ക്കലാണ്. സ്നേഹത്തിൽ നിന്നാണ് കരുണ, ദയ, ക്ഷമ, ഉദാരത തുടങ്ങിയ പുണ്യങ്ങൾ ഉടലെടുക്കുന്നത്.

മത്തായി 10:8 ൽ പറയുന്നു, ദാനമായി നിങ്ങൾക്കു കിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ. നമ്മുടെ സമ്പത്തു മാത്രമല്ല, കഴിവ്, അറിവ്, സമയം ഇതെ ല്ലാം മറ്റുള്ളവരുമായി പങ്കുവെയ്ക്കണം. നാം ഉദാര മനസ്കർ ആകുമ്പോൾ നമ്മുടെ ജീവിതം ഒരു സുവിശേഷമായി മാറുന്നു. നാം ക്രിസ്തുവിനെ അനുകരിക്കുന്നവർ ആയിത്തീരുന്നു. ഉദാരതയുടെ മകുടോദാഹരണങ്ങളാണ് പിതാവായ ദൈവം അവിടുന്ന് തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. പാപം മൂലം മനുഷ്യൻ ദൈവത്തിൽ നിന്നകന്നപ്പോൾ മനുഷ്യനായി അവതരിച്ചു, അവിടുത്തെ ജീവൻ നമുക്കായി ബലി നൽകി. ഇതിലും വലിയ ഉദാരത (സ്നേഹം) ഉണ്ടോ? ക്രിസ്ത്യാനി എന്ന നിലയിൽ നാമും ഈശോയെ പിന്തുടരണം. യഥാർത്ഥ സ്നേഹം എവിടെയു ണ്ടോ അവിടെ ഉദാരതയെന്ന പുണ്യവും ഉണ്ട്. സന്തോഷപൂർവ്വം നൽകുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്.

### ഉദാരതയും സഭയും

നന്മ ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിൽ എണ്ണ പ്പെടുകയില്ല എന്ന് വി. ചാവറപിതാവ് പറയുന്നു. ഒരു വ്യക്തിയുടെ, സമൂഹത്തിന്റെ, കാലഘട്ടത്തി ന്റെ ആവശ്യം അറിഞ്ഞ് പ്രവർത്തിക്കുന്നതാണ് ഉദാരത. സഭ എക്കാലവും ഇതിൽ മുൻപന്തിയി ലാണ്. പള്ളിയോടൊപ്പം പള്ളിക്കൂടങ്ങളും വേണമെന്ന നിഷ്കർഷ, പല പാവപ്പെട്ടവർക്കും പഠിക്കാൻ അവസരം ഉണ്ടാക്കി. അതുപോലെ ദൈവതിരുമുമ്പിൽ പാവപ്പെട്ടവരും പണക്കാരനും ഒരുപോലെയാണ് എന്ന മൂല്യം കൂടി പഠിപ്പിച്ചു.

സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, അനാഥാലയങ്ങൾ, ആതുരസേവനത്തിനുള്ള വൃദ്ധാശ്രമങ്ങൾ, കൗൺസലിങ്ങ് കേന്ദ്രങ്ങൾ മുതലായവ സഭയുടെ കീഴിലുള്ള സ്ഥാപനങ്ങൾ

വഴി പല തലങ്ങളിലുള്ള ആളുകൾക്ക് സേവനം ലഭിക്കുന്നു. Abortionനെ എതിർക്കുന്ന സഭ ജീവന്റെ മൂല്യം ഉയർത്തിക്കാട്ടുന്നു. അഗതികളെയും പാവപ്പെട്ടവരേയും സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓരോ സംരംഭവും പ്രവർത്തിക്കുന്നത്. ഇത് കൂടാതെ വ്യക്തിപരമായും, ഇടവകതലത്തിലും, രൂപതതലത്തിലും വിശ്വാസികൾ തങ്ങളുടേതായ സംഭാവനകൾ നൽകുന്നുണ്ട്.

വി. മത്തായിയുടെ സുവിശേഷത്തിന്റെ പ്രധാന ഭാഗങ്ങളിലൊന്നായ സുവിശേഷഭാഗ്യങ്ങളിൽ കൂടി കണ്ണോടിച്ചാൽ, ഉദാരത ആവശ്യമുള്ള തലങ്ങൾ ഈശോ തന്നെ ചൂണ്ടികാണിക്കുന്നുണ്ട്. പരിശുദ്ധാത്മാവിനുവേണ്ടി ദാഹിക്കുവർക്ക് അത് ലഭിക്കാൻ സഹായിക്കുന്നത് ആത്മീയതലത്തിലുള്ള ഉദാരതയാണ്. അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരും എന്റെ അടുക്കൽ വരുവിൻ എന്ന് പറഞ്ഞു കൊണ്ട് വേദനിക്കുന്നവരുടെ കണ്ണീരൊപ്പുന്ന ഈശോ കരയുന്നവർക്ക് താങ്ങായി, തണലായി നിന്ന് അവരെ ആശ്വസിപ്പിക്കാൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. നീതിക്കുവേണ്ടി വിശക്കുകയും, ദാഹിക്കുകയും ചെയ്യുന്നവരെപ്പറ്റി പറയുമ്പോൾ മറ്റുള്ളവർക്ക് അർഹിക്കുന്ന സമ്പത്തോ, സ്ഥാനങ്ങളോ, നീതിയോ നാം തട്ടിയെടുക്കരുത് എന്ന് മാത്രമല്ല, അർഹിക്കുന്നവർക്ക് അത് നൽകണമെന്നും ഓർമ്മിപ്പിക്കുന്നു. കരുണയും ഹൃദയശുദ്ധിയും ഉള്ള മനസ്സുകൾ നന്മ നിറഞ്ഞതാണ്, അവരുടെ പ്രവർത്തനങ്ങളെ ഉദാരതയോടെ ആയിരിക്കും.

കഴിഞ്ഞ കാലത്തെ അപേക്ഷിച്ച്, സഭ ഇക്കാലത്ത് ഉദാരമനസ്കതയോടെ പാവപ്പെട്ടവർക്കുവേണ്ടി വളരെയധികം പ്രവർത്തിക്കുന്നുണ്ട്. പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കുന്നു. പെൺകുട്ടികളുടെ വിവാഹത്തിന് സഹായിക്കുന്നു. ഭിന്നശേഷിയുള്ളവരേയും, വയോധികരേയും ശുശ്രൂഷിക്കുന്നു, ആതുരസേവനം നടത്തുന്നു. കൽക്കത്തയിലെ വി. മദർ തെരേസായും ഫാദർ ഡാമിയനും ഒക്കെ നമുക്ക് മാതൃകയാണ്. വി. ജോൺ മരിയ വിയാനിയും ഒരു പ്രചോദനമാകേണ്ടതുണ്ട്. കുമ്പസാരത്തിലൂടെ അനേകം ആത്മാക്കളെ അദ്ദേഹം സ്വർഗ്ഗത്തിലെത്തിച്ചു.

## ഉദാരതയെന്ന പുണ്യവും ജീവിതശൈലിയും

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1803–ാം ഖണ്ഡികയിൽ പറയുന്നു "സത്യവും വന്ദ്യവും നീതിയുക്തവും, പരിശുദ്ധവും സ്നേഹാർഹവും സ്തുത്യർഹവും ഉത്തമവും പ്രശംസായോഗ്യവുമായ എല്ലാം കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുവിൻ. നന്മ ചെയ്യുന്നത് ശീലമാക്കിയ സുസ്ഥിരമായ മനോഭാവമാണ് സുകൃതം". നമ്മുടെ താല്പര്യങ്ങൾ ത്യജിച്ച് ആത്മാർത്ഥമായ സ്നേഹത്തിൽ നിന്ന് ഉടലെടുക്കുന്ന പുണ്യമാണ് ഉദാരത. ദൈവം നമ്മോട് കാണിക്കുന്ന ഉദാരത മറ്റുള്ളവരുമായി പങ്കുവെയ്ക്കുമ്പോൾ നാം ദൈവത്തെ സ്നേഹിക്കുകയും മഹത്വപ്പെടുത്തുകയും ആണ് ചെയ്യുന്നത്.

പുണ്യത്തിൽ വളരുവാൻ ചെറുപ്രായം മുതൽ സഭ നമ്മെ പരിശീലിപ്പിക്കുന്നുണ്ട്. സഭ അനുശാസിക്കുന്ന 14 കാരുണ്യപ്രവൃത്തികൾ ശീലിച്ചാൽ ഓരോരുത്തരും ഉദാരമനസ്കരായിത്തീരും. വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുന്നതും, ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുന്നതും, വസ്ത്രമില്ലാത്തവർ, വീടില്ലാത്തവർ, രോഗികൾ, തടവുകാർ, അവശർ ഇവരെയൊക്കെ സഹായിക്കുമ്പോൾ ഉദാത്ത ഒരു ജീവിതശൈലിയായി മാറും. ആധ്യാത്മികപുണ്യങ്ങളായ മറ്റുള്ളവർക്ക് അറിവ് പകർന്നു കൊടുക്കുക, അവരെ ആശ്വസിപ്പിക്കുക, ക്ഷമിക്കുക, പ്രാർത്ഥിക്കുക, തുടങ്ങിയവയും ക്രിസ്ത്യാനിയുടെ ആത്മീയപുണ്യപ്രവൃത്തികളാണ്. ഉദാരതയെന്നുള്ളത് പരിശുദ്ധാത്മാവിന്റെ ഫലങ്ങളിലൊന്നാണ്.

ഈ കാലഘട്ടത്തിൽ എല്ലാവരുടെയും തിരക്കിട്ട ജീവിതത്തിനിടയിൽ സമൂഹത്തിലേക്കിറങ്ങി ചെന്ന്



പ്രവർത്തിക്കുന്നവർ വളരെ വിരളമാണ്. എന്നാൽ വ്യക്തിജീവിതത്തിലും കുടുംബത്തിലും അത് പ്രാർത്തികമാക്കാൻ സാധിക്കും. കുടുംബാംഗങ്ങളോടൊത്ത് ആയിരിക്കുവാൻ സമയം കണ്ടെത്തുമ്പോൾ, അവരോടൊപ്പവും അവർക്കുവേണ്ടിയും പ്രാർത്ഥിക്കുമ്പോൾ, പരസ്പരം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുമ്പോൾ നാം പുണ്യത്തിൽ വളരുന്നു. എപ്പോഴും അങ്ങനെ ചെയ്യുമ്പോൾ അത് ജീവിതശൈലിയായി മാറുന്നു. വാക്കിനേക്കാളുപരി പ്രവൃത്തിമൂലമാണ് നമുക്ക് മറ്റുള്ളവരെ പഠിപ്പിക്കുവാൻ സാധിക്കുന്നത്. നല്ല സമരിയാക്കാരന്റെ ഉപമയിൽ (Luke 10 : 25-37) സമരിയാക്കാരൻ അയാളുടെ പണവും സമയവും ഉപദ്രവിക്കപ്പെട്ടവനുവേണ്ടി ചെലവഴിച്ചു. അപരന്റെ ആവശ്യമറിഞ്ഞ് സഹായിച്ചപ്പോൾ അത് ഉദാരതയായി. ഓരോ ദിവസവും ആത്മശോധന ചെയ്ത്, വേണ്ടത്ര തിരുത്തലുകൾ വരുത്തി, ദൈവവചനം അനുസരിച്ച് ജീവിക്കണം. നന്മ ചെയ്യാൻ തയ്യാറുള്ള ഒരു തുറന്ന മനസ്സുള്ളപ്പോഴാണ് ദൈവം നമ്മിലൂടെ പ്രവർത്തിക്കുന്നത്. വർഷങ്ങൾക്കു

ശേഷം കണ്ടുമുട്ടിയ എന്റെ ഒരു സുഹൃത്ത്, ഒരു ദിവസം പോലും മുടങ്ങാതെ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു എന്ന് പറഞ്ഞപ്പോൾ, അതെന്നെ അതിശയിപ്പിക്കുകയും ഈറനണിയിക്കുകയും ചെയ്തു. നിസ്സാരമായ നന്മ പ്രവൃത്തികൾക്ക് ദൈവം എത്രമാത്രം പ്രതിഫലം തരുന്നു!!!

## ഉദാരമനസ്കതയും കോവിഡ് മഹാമാരിയും

വി. ലൂക്കായുടെ സുവിശേഷത്തിൽ (16:19-31) ഈശോ ധനവാന്റെയും ലാസറിന്റെയും ഉപമ പറയുന്നുണ്ട്. അയാൾ സുഖജീവിതത്തിൽ മുഴുകിയിരുന്നതുകൊണ്ട് തന്റെ വീട്ടുവാതിൽക്കൽ കിടന്നിരുന്ന ലാസറിനെ അവഗണിച്ചു. ലാസറിന്റെ ഇല്ലായ്മയോ, ദുരിതമോ, അസുഖമോ ഒന്നും അയാളെ അലട്ടിയിരുന്നില്ല. മരിച്ചു കഴിഞ്ഞപ്പോൾ ലാസർ സ്വർഗ്ഗത്തിൽ എത്തിയതിനെപ്പറ്റി പരാതിപ്പെടുന്ന ധനവാനോട് അബ്രാഹം പറയുന്നു, ലാസർ ഭൂമിയിൽ കഷ്ടപ്പെട്ടതുകൊണ്ട് ഇപ്പോൾ ആനന്ദിക്കുന്നു എന്ന്. അന്യരുടെ ആവശ്യങ്ങളിൽ സഹായിക്കണം എന്നതിനൊപ്പം, വചനമനുസരിച്ച് ജീവിക്കുക എന്ന താക്കീതും (മോശയും പ്രവാചകൻമാരും പറയുന്നത് കേൾക്കുക) ഈ ഉപമയിൽ നിന്ന് നമുക്ക് ലഭിക്കുന്നു.

രോഗികൾ, ജോലി നഷ്ടപ്പെട്ടവർ, സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർ, മാനസികവും ശാരീരികവും, ആത്മീയവുമായി വേദനയനുഭവിക്കുന്നവർ അങ്ങനെ വളരെപ്പേരെ ഈ കോവിഡ് കാലഘട്ടത്തിൽ നമുക്ക് ചുറ്റും കാണാൻ സാധിക്കും. നമ്മെക്കൊണ്ട് ആവുന്ന വിധത്തിൽ അവരെ സഹായിക്കാൻ നാം കടപ്പെട്ടവരാണ്. വിധവയുടെ കൊച്ചു കാശ് പോലെ നമ്മുടെ ഓരോ പ്രവൃത്തിയും ദൈവം കാണുന്നു. സാമൂഹിക, അകലം പാലിച്ചുകൊണ്ട് നമ്മെക്കൊണ്ട് കഴിയുന്ന വിധത്തിൽ ദുരിതമനുഭവിക്കുന്നവരെ നാം സഹായിക്കണം. നമ്മുടെ ഉദാരത ഏത് വിധത്തിൽ ആയിരിക്കണമെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നു, "ഓരോരുത്തരും സ്വന്തം തീരുമാനമനുസരിച്ചു വേണം പ്രവർത്തിക്കാൻ. വൈമനസ്യത്തോടെയോ നിർബന്ധത്തിനു കീഴ്വഴങ്ങിയോ ആകരുത്. സന്തോഷപൂർവ്വം നൽകുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്". (2 കൊറി. 9:7)

## യുവതലമുറയ്ക്ക് ഉദാരമനസ്കത പകർന്നു നൽകേണ്ടതിന്റെ പ്രസക്തിയും ആവശ്യകതയും

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1810-ാം ഖണ്ഡികയിൽ പറയുന്നു, "വിദ്യാഭ്യാസം ബോധപൂർവ്വകമായ പ്രവൃത്തികൾ, ആവർത്തിച്ചുള്ള പരിശ്രമങ്ങളിലൂടെ എപ്പോഴും പുതുക്കപ്പെടുന്ന സ്ഥിരോത്സാഹം എന്നിവയിലൂടെ നേടുന്ന മാനുഷിക സുകൃതങ്ങൾ ദൈവകൃപയാൽ ശുദ്ധീകരിക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്യുന്നു. ദൈവത്തിന്റെ സഹായത്താൽ അവ സ്വഭാവത്തെ രൂപപ്പെടുത്തുകയും നമ്മുടെ പരിശീലനത്തിൽ എളുപ്പമുണ്ടാകുകയും ചെയ്യുന്നു". കുഞ്ഞുങ്ങളെ എങ്ങനെ മൂല്യബോധമുള്ളവരായി രൂപപ്പെടുത്താമെന്നാണ് ഇവിടെ പരാമർശിക്കുന്നത്. ദൈവം കല്പനകൾ നൽകിയത്, അവിടുത്തെ ഹിതമനുസരിച്ച് ജീവിക്കുന്നവരാകാൻ വേണ്ടിയാണ്. ദൈവമഹത്വത്തിനായി, അവിടുത്തോടുള്ള സ്നേഹത്തെപ്രതി അത് തലമുറകൾക്ക് പകർന്നു നൽകേണ്ടിയിരിക്കുന്നു.

സ്വാർത്ഥതയും അഹങ്കാരവും വളർന്നുവരുന്ന ഈ കാലഘട്ടത്തിൽ യുവജനങ്ങളോട് ഉദാരതയെപറ്റി പറയേണ്ടിയിരിക്കുന്നു. ആദിമ ക്രൈസ്തവസമൂഹം എല്ലാം പങ്കുവച്ചപ്പോഴാണ് സഭ വളർന്നത്. നമ്മുടെ കൂട്ടായ പ്രവർത്തനവും പങ്കുവയ്ക്കലും മക്കൾക്ക് മാതൃകയാകണം. നോമ്പുകാലത്ത് ഇഷ്ടങ്ങൾ മാറ്റിവച്ച് അതിന്റെ തുക പാവപ്പെട്ടവർക്ക് നൽകുക, ഞായറാഴ്ചകളിൽ നേർച്ചയിടുക, അഗതികളോടും, അനാഥരോടും അനുകമ്പ കാണിക്കുക തുടങ്ങിയ ശീലങ്ങൾ ചെറുപ്പത്തിൽ ശീലിപ്പിച്ചാൽ, സുകൃതങ്ങൾ നിറഞ്ഞ തലമുറ വളർന്നു വരും, ദൈവസ്നേഹവും പരസ്നേഹവും ഉള്ളവരായിത്തീരും.

## പരിശുദ്ധ അമ്മയും ഉദാരതയെന്ന പുണ്യവും

രക്ഷാകരദൗത്യത്തിൽ ഭാഗഭാക്കായ പരി. അമ്മയേക്കാൾ ഉദാരതയെന്ന പുണ്യത്തിന്റെ ഉദാഹരണം വേറെയില്ല. ഈശോയുടെ ജനനത്തെപ്പറ്റി ഗബ്രിയേൽ ദൂതൻ അറിയിച്ചത് എളിമയോടെ സ്വീകരിച്ചിട്ട് സ്വന്തം ബുദ്ധിമുട്ടുകൾ കാര്യമായെടുക്കാതെ മൂന്ന് മാസക്കാലം എലിസബത്ത് പുണ്യവതിയെ ശുശ്രൂഷിച്ചു. തന്റെ ഓമനപുത്രന്റെ പീഡാസഹനത്തിന് സാക്ഷിയാകേണ്ടി വന്ന അമ്മ. മക്കളായ നമുക്കുവേണ്ടി എപ്പോഴും ദൈവത്തോട് മാദ്ധ്യസ്ഥം അപേക്ഷിക്കുകയും അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്യുന്ന അമ്മ. തന്റെ അടുക്കലേക്ക് വരുന്ന ആരെയും തള്ളിക്കളയാതെ ഓരോ ആത്മാവിന്റെയും രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്ന അമ്മ. മാതാവിനേപ്പോലെ നന്മനിറഞ്ഞ ജീവിതങ്ങൾ ആകാനും അങ്ങനെ മറ്റുള്ളവർക്ക് അ
നുഗ്രഹമാകുവാനും ശ്രമിക്കാം.

ചുരുക്കത്തിൽ ക്രിസ്തുകേന്ദ്രീകൃതമായി, വചനത്തിൽ അധിഷ്ഠിതമായി, ദൈവസ്നേഹത്തിലും, പരസ്നേഹത്തിലും വളരുവാൻ, ഉദാരത എന്ന മഹത്തായ പുണ്യം ഒരു ജീവിതശൈലിയായി മാറുന്നു. അതുകൊണ്ടാണ് ഉദാരമതികളായ, ലോകത്തിലെ, ഏറ്റവും വലിയ ജനവിഭാഗം ക്രിസ്ത്യാനികളായത്. അന്ത്യഅത്താഴസമയത്ത് ക്രിസ്തുനാഥൻ നൽകിയ സേവനത്തിന്റെയും സ്നേഹത്തിന്റെയും, ശുശ്രൂഷയുടേയും പാത നമുക്ക് പിന്തുടരാം.

# A REFLECTION ON GIVING

**Lijya Pullan**
belongs to Sacred Heart Church, Ambernath

Proverbs 22: 9 "*those who are generous are blessed, for they share their bread with the poor".*

The first question that strikes our mind when we think about charity is "Should we give everything that belongs to us or should we foresee the needs and comfort of ourselves and our loved ones before giving. The answer to the question is not simple, as the answer is not worldly but it could be only understood and accepted by experiencing the love and generosity of God.

## What is Generosity According to the Holy Bible?

Generosity, for us Christians is one of the fruits of the Holy Spirit. It can be practised and made an integral part of our lives only when we truly believe that all we own is given to us for a purpose. Our faith is based on the very fact that whatever we have received is the precious gift of God and all of it has to be used in the service of the Heavenly Kingdom. For we can never separate the generosity of God towards us from our responsibility to share his gifts with others.

## What is the Significance of Generosity?

Many times we have read in the Bible that those who are blessed with prosperity are given the opportunity by Jesus to give away their wealth and follow Christ. But because of greed, they are unable to cherish the spiritual joy of giving. For many, their prosperity becomes a barrier to enter heaven, just as Jesus mentions in Matthew 19:24 "*It is easier for a camel to go through the eye of a needle than for one who is rich to enter the kingdom of God."*

According to Proverbs 19:17 "*whoever is kind to the poor lends to the Lord, and will be repaid in full"*. Imagine being



repaid by God. He is the same God who gave his only son to the world. So how much more we will receive when God is in our debt.

## What Will Be the Reward for the Generous?

